## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3587. 12.05.2017 ൽ മറുപടിയ്ക്ക്**

## സ്കൂൾ പരിസരത്ത് ലഹരി വസ്തുക്കളുടെ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വിൽപ്പന കർശനമായി തടയുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നതും വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യവിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി - യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്.<br><br>സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തങ്ങൾ നടത്തി വരുന്നു. |
| (സി) | ഇങ്ങനെ വിൽപ്പന നടത്തുന്നവർ പിടിക്കപ്പെട്ടാൽ കഠിനമായ ശിക്ഷ | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മദ്യം, മയക്കുമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ സംഭരണം, |

| | | | |
|---|---|---|---|
| | നൽകുവാൻ നടപടി സ്വീകരിക്കുമോ? | | വിൽപ്പന, ഉപഭോഗം എന്നിവ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**